# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 259

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

സെപ്റ്റംബർ മാസം 18–ാം തീയതി ഞായറാഴ്ച നാം **വയോജന ഞായറാഴ്ച** ആയി വേർതിരിച്ചിരിക്കയാണ്. അറുപതു വയസ്സിനു മുകളിൽ പ്രായമുള്ളവരെയാണ് മുതിർന്ന പൗരന്മാർ ആയി കണക്കാക്കുന്നത്. ഇവരിൽ ഒരു വിഭാഗം സജീവ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു തക്ക ആരോഗ്യം ഉള്ളവരും വേറൊരു വിഭാഗം സ്വഭവനങ്ങളിൽ മാത്രം കഴിയുന്നവരും മറ്റൊരുകൂട്ടം തീർത്തും ശയ്യാവലംബികളുമാണ്. ഈ മുതിർന്ന പൗരന്മാരുടെ കഴിവുകളും അനുഭവജ്ഞാനവും ഇടവകയും സമൂഹവും പ്രയോജനപ്പെടുത്തേണ്ടതാണ്. വീടുകളിൽ ഒതുങ്ങിക്കഴിയുന്നവർക്ക് ആത്മീകവും സാമൂഹ്യവുമായുള്ള കൂട്ടായ്മ നൽകുവാൻ ഇടവകകൾ തയ്യാറാകണം. ആരോഗ്യവാന്മാരായ മുതിർന്ന പൗരന്മാർ ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. ഏകാന്തതയിൽ കഴിയുന്ന വയോജനങ്ങളെ സന്ദർശിച്ച് സഹിത്വം നൽകുന്നതിനു അവർക്കു കഴിയുമല്ലോ. യുവജനസഖ്യം, സേവികാസംഘം, ഇടവകമിഷൻ മുതലായ സംഘടനകൾക്കും ഇക്കാര്യത്തിൽ ഫലപ്രദമായി പ്രവർത്തിക്കുവാൻ സാധിക്കും. ഭവനത്തിൽ കഴിയുന്നവർക്കായി പ്രത്യേക കുർബാന ശുശ്രൂഷ ക്രമീകരിക്കുവാൻ ശ്രദ്ധിക്കണം. മുതിർന്ന പൗരന്മാർക്കായി പ്രത്യേക സമ്മേളനങ്ങൾ നടത്തുക, കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയ പരിപാടികളും ക്രമീകരിക്കാവുന്നതാണ്.

ആയുസ്സിന്റെ സംവത്സരങ്ങൾ ദൈവത്തിന്റെ ദാനമാണ്. "ദീർഘായുസ്സുകൊണ്ട് ഞാൻ അവന് തൃപ്തി വരുത്തും; എന്റെ രക്ഷ അവനു കാണിച്ചു കൊടുക്കും" എന്നു സങ്കീർത്തനം 91:16-ൽ പറയുന്നു. സഭയ്ക്കും സമൂഹത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ള മുതിർന്നവർ അവരുടെ വാർദ്ധക്യത്തിൽ അവഗണിക്കപ്പെടുവാൻ ഇടയാകരുത്. മുതിർന്നവരെ കരുതുന്ന തലമുറ അനുഗ്രഹിക്കപ്പെട്ടത്.

ദൈവം നടത്തിയ വഴികളും സംരക്ഷണവും ഓർത്തുകൊണ്ട് ദൈവിക കല്പനകളിൽ നിന്ന് വ്യതിചലിക്കാതെ മുന്നോട്ടുപോകുവാൻ വൃദ്ധനായ യോശുവ തന്റെ ജനത്തെ ഉപദേശിച്ചു. അതുപോലെ തങ്ങളുടെ അനുഭവങ്ങളും ആദർശങ്ങളും പുതിയ തലമുറയ്ക്ക് പങ്കിടുന്നതിനു വൃദ്ധരായ സഭാജനങ്ങൾ ശ്രദ്ധിക്കണം. വൃദ്ധനായ ശിമയോൻ ശിശുവായ യേശുവിനെ കയ്യിലെടുത്ത് ദൈവികരക്ഷയെ കണ്ടു സംതൃപ്തി അടഞ്ഞതുപോലെ, പഴയ തലമുറ തങ്ങളുടെ അറിവും ദൈവിക പരിജ്ഞാനവും പുതിയ തലമുറക്ക് കൈമാറി കൃതാർത്ഥരാകുവാൻ ദൈവം ഇടയാക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2016 മേയ് 26–ാം തീയതി,

J. mmalabar.

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. JOSEPH MAR THOMA

Circular No. 259

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

We have set apart Sunday 18th September as “Senior Citizens’ Sunday”. Those above the age of sixty are considered to be `Senior Citizens’. A section of them consists of those who are healthy enough to be engaged in various activities and some others are confined to their homes. There are still others who are completely bedridden. The parish and society should make good use of their abilities and the wisdom from their experience. The parishes should be prepared to give spiritual and social fellowship to those who are confined to their homes. Those senior citizens who enjoy good health must be given a major portion of this task. They are especially suited for visiting them and sharing friendship with them. Organizations such as the Yuvajana Sakhyam, the Sevika Sangham and the Parish Mission can work effectively in this. We should give special attention to organizing communion services for those who are confined to their homes.

Long life is a gift of God. “With long life, I will satisfy them” (Psalm 91:16). We should not let our elders, who have made valuable contributions to the Church and society, be ignored in their old age. The generation that cares for its aged, is blessed.

Joshua in his old age, exhorted his people to go forward without deviating from God’s commandments, and remembering the ways God had guided and protected them. In the same manner, the aged members of the Church should share their experiences and ideals with the new generation. Just as old Simeon took baby Jesus in his arms, satisfied for having seen God’s salvation, may God enable our older generation to be gratified by passing on their knowledge and godly wisdom to the younger generation.

Grace be with you all.

Dated 26th May 2016 from Poolatheen, Thiruvalla

Dr. Joseph Mar Thoma Metropolitan